# കേരളീയ നവോത്ഥാനവും മാനവികതയും

ഇന്ത്യൻ മഹാരാഷ്ട്രത്തിൽ സംസ്കാരത്തിന്റെയും, പാരമ്പര്യത്തിന്റെയും, കലകളുടെയും, നിറകുടമായി നിലകൊള്ളുന്ന സംസ്ഥാനമാണ് കേരളം. തലമുറകളായി കണ്ടും, അറിഞ്ഞും, കേട്ടും, പഠിച്ചും വരുന്ന, ഇന്നു കാണുന്ന കേരളം; പല പൂർവ്വികൾ ശ്രദ്ധാപൂർവ്വം ചിന്തിച്ച് നടത്തിയ നവോത്ഥാനത്തിന്റെ ഫലമാണ്. കേരളീയരുടെ കാഴ്ചപ്പാടുകളിൽ മാറ്റം സൃഷ്ടിച്ച വിപ്ലവകരമായ നവോത്ഥാനത്തിന്റെ ചരിത്രവും, അതുവഴി കൈവരിച്ച മാനവികതയും, ആ മാനവികതക്ക് ഇന്ന് എന്ത് സംഭവിക്കുന്നു എന്നും ചിന്തിക്കേണ്ടത് അനിവാര്യമാണ്.

## 1. ആദിമ കേരളീയ ചിന്തകൾ

പ്രകൃതിയാൽ സംരക്ഷിക്കപ്പെട്ട പ്രദേശമാണ് കേരളം. പശ്ചിമഘട്ടവും അറബിക്കടലും കേരളത്തിന് അതിർ വരമ്പുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ തന്നെ മനുഷ്യവാസത്തിന് മികച്ച കാലാവസ്ഥ കേരളത്തിലാണ്. അതിനാൽ തന്നെ കൃഷി ഇടങ്ങൾ കേരളത്തിൽ സുലഭമാണ്. എന്നാൽ മതപരമായ വേർതിരിവ് നിലനിന്നിരുന്ന കേരളത്തിൽ മണ്ണിൽ പണി ചെയ്യുന്നവർ താണവർഗ്ഗക്കാർ

ആണെന്ന് മാത്രം. ബ്രാഹ്മിണ കുടുംബത്തിൽ ജനിച്ചവർ ദൈവതുല്യരും അതിൽ താണവർ തീണ്ടിക്കൂടാത്തവരും കണ്ടുകൂടാത്തവരും എന്ന നീചമായ നിയമം ആദിമ കേരളത്തിൽ നിലനിന്നിരുന്നു. അതിലുപരി സ്ത്രീകൾക്ക് സമൂഹം വിലകല്പിച്ചിരുന്നില്ല. സ്വന്തം ശരീരം മറയ്ക്കുവാനോ, അഭിപ്രായം പറയുവാനോ സ്ത്രീകൾക്ക് അധികാരം ഉണ്ടായിരുന്നില്ല. തലമുറകൾ നിർമ്മിക്കുവാനുള്ള ഒരു ഉൽപ്പന്നം മാത്രമായി സ്ത്രീ കാണപ്പെട്ടിരുന്നു. ശൈശവ-വിവാഹം, പെൺഭ്രൂണഹത്യ, എന്നിങ്ങനെ നിരവധി അന്ധവിശ്വാസങ്ങളും അന്ന് നിലനിന്നിരുന്നു. അന്ന് നില-നിന്നിരുന്ന ജന്മി-കുടിയാൻ അവസ്ഥയെ പറ്റി നിരവധി കൃതിക-ളിൽ കാണാവുന്നതാണ്. ചങ്ങമ്പുഴയുടെ 'വാഴപ്പഴം', 'രണ്ടിടങ്ങഴി' എന്നിങ്ങനെ നിരവധി കൃതികളിൽ കേരളത്തി-ന്റെ നവോത്ഥാനത്തിനു മുൻപുള്ള അവസ്ഥ ദർശിക്കാം.

തികച്ചും ഔചിത്യപൂർണ്ണമല്ലാത്ത ശിക്ഷാനടപടി-കളും അന്ന് നിലനിന്നിരുന്നു. നവോത്ഥാനത്തിനു മുൻപു-ള്ള കേരളീയരുടെ ജീവിതം നരകതുല്യമായിരുന്നു എന്നത് യാഥാർത്ഥ്യമാണ്.

## 2. കടൽ കടന്ന് വന്ന മാറ്റങ്ങൾ

കേരളത്തിൽ ആദ്യമായി മാറ്റങ്ങളുടെ ജ്വാല കൊളു-ത്തിയത് വിദേശികൾ തന്നെയാണ്. സുഗന്ധവ്യഞ്ജനങ്ങളുടെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 144 Participant Code: 022

അക്ഷയപാത്രമായിരുന്നു. കേരളത്തിൽ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നിങ്ങനെ പല വിദേശരാജ്യങ്ങളും കച്ചവടത്തിനായി വന്നിരുന്നു. അവരുടെ വരവോടെയാണ് കേരളത്തിലെ സ്ത്രീകളുടെ ഇടയിൽ 'മേൽമുണ്ട്', '~~ബ്ലൗസ്~~' 'ബ്ലൗസ്' എന്നീ വസ്ത്രധാരണകൾ വന്നുതുടങ്ങിയത്. സ്ത്രീകളുടെ ഇടയിൽ അവരുടേതായ സ്വകാര്യത കൊണ്ടുവന്നത് വിദേശവനിതകളാണ്.

'കേരളത്തിൽ വിദ്യാഭ്യാസം' എന്ന ചിന്തയും ഉയർത്തിയത് വിദേശമിഷനറിമാരാണ്. പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ നിർമ്മിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം അവർ ആരംഭിച്ചു. അതിനാൽ യുവതലമുറ കേരളീയരുടെ പഴകിയ, ഔചിത്യരഹിതമായ അനുഷ്ഠാനങ്ങളോടും സമ്പ്രദായങ്ങളോടും എതിർത്തുനിൽക്കുവാനും അവയ്ക്കെതിരെ ശബ്ദമുയർത്തുവാനും തുടങ്ങി.

വിദേശികളുടെ വരവോടെ അക്ഷര വിദ്യാഭ്യാസം, കലകൾ എന്നിവ സാധാരണക്കാരുടെ ഇടയിലും പടർന്നു തുടങ്ങി. നീതിപരമായ ശിക്ഷാനടപടികളും മറ്റും പ്രാബല്യത്തിൽ വന്നു തുടങ്ങി. കേരളത്തിലെ തന്നെ പുരാതന ഗ്രന്ഥമായ 'ഹോർത്തൂസ് മലബാറിക്കസ്' ആ കാലത്ത് എഴുതപ്പെട്ടതാണ്. അച്ചടി, ലിപി, എന്നിങ്ങനെ പരിഷ്കാരങ്ങൾ ~~നിലനിന്ന~~ നിലവിൽ വരുവാൻ കാരണം വിദേശികളുടെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വരവാണ്. അവർ ഇന്ത്യ ആകമാനം ചൂഷണം ചെയ്ത് നമ്മെ അടിമകളാക്കി എന്നാലും, കേരളത്തിൽ അവർ കൊണ്ടുവന്ന മാറ്റങ്ങൾ തള്ളിക്കളയാൻ കഴിയുന്നവയല്ല. കേരളത്തിൽ നവോത്ഥാനത്തിന്റെ തിരി കൊളുത്തിയത് കടൽ കടന്ന് വന്ന വിദേശികൾ തന്നെയാണ് എന്നത് നിസംശയം പറയാം.

## 3. നവോത്ഥാനത്തിന് പിന്നിലെ കരങ്ങൾ

കേരളത്തിൽ നവോത്ഥാനത്തിന്റെ ജ്വാല കൊളുത്തിയത് ആരാണ് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരം മാത്രം - 'ശ്രീ നാരായണ ഗുരു'. അദ്ദേഹത്തെ പോലെയുള്ള അനേകരുടെ മനോധൈര്യവും ചിന്തകളുമാണ് ഇന്ന് മനുഷ്യസമൂഹം കാണുന്ന കേരളത്തെ സൃഷ്ടിച്ചത്. 'ഒരു ജനം, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ശ്രീ നാരായണ ഗുരുവിന്റെ സന്ദേശം കേട്ടിട്ടില്ലാത്ത ഒരു കേരളീയനും ഇന്നില്ല. അദ്ദേഹം അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠ കേരള നവോത്ഥാനത്തിന്റെ തുടക്കമായി കണക്കാക്കാം. മത-ജാതി വ്യത്യാസമില്ലാതെ 'മനുഷ്യൻ' എന്ന ജാതിയെ കണ്ട വ്യക്തിയായിരുന്നു അദ്ദേഹം. ~~ശിശു~~ ശൈശവവിവാഹം കേരളത്തിൽ നിർത്തലാക്കുവാൻ പ്രധാന കാരണം ശ്രീ നാരായണഗുരുവിന്റെ കഠിന പ്രയത്നമാണ്. അതുപോലെ ജനതയുടെ ആർഭാട ജീവിതം നിർത്തി ലളിതമായ ജീവിതക്രമത്തിലേക്ക്

എത്തിച്ചതും അദ്ദേഹമാണ്. അയ്യങ്കാളി, വാഗ്ഭടാനന്ദൻ, എന്നിങ്ങനെ നിരവധി നവോത്ഥാനനേതാക്കളെയും കേരള ചരിത്രം പങ്കുവെയ്ക്കുന്നു.

നവോത്ഥാന നേതാക്കന്മാരെയും അവരുടെ പ്രസ്ഥാനങ്ങളെയും പോലെ കേരളീയരെ സ്വാധീനിച്ചിരുന്നു- മറ്റൊരു ശാഖയാണ് കല. നവോത്ഥാന സമയങ്ങളിലെ കവികൾ അവരുടെ എഴുത്തുകളിലൂടെയാണ് മനസ്സുകളിൽ മാറ്റം സൃഷ്ടിച്ചുകൊണ്ടിരുന്നത്. ചങ്ങമ്പുഴ, ബഷീർ എന്നിങ്ങനെ നിരവധി കവികളെയും അവരുടെ കൃതികൾ സാധാരണക്കാരുടെ മനസ്സിൽ ചെലുത്തിയ ദീപങ്ങളും ചരിത്രത്തിൽ വ്യക്തമാണ്. അവയുടെ ഭാഗമായി വിവിധ ലഹളകളും കേരളത്തിൽ ഉടലെടുത്തു (ഉദാ: മലബാർ ലഹള). ഇത്തരം നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഭാഗമായി അന്ന് ഭരണത്തിലുണ്ടായിരുന്ന ബ്രിട്ടീഷ് ഗവൺമെന്റ് ശിശുഹത്യ, ശൈശവ വിവാഹം, എന്നിവ ബഹിഷ്കരിക്കുകയും, താണജാതിക്കാരുടെ ക്ഷേത്രദർശനത്തിന് അനുമതി നൽകുകയും ചെയ്തു.

## 4. കേരള നവോത്ഥാനം : കലകളിൽ

കേരള നവോത്ഥാനം കലകളിൽ കൊണ്ടുവന്ന മാറ്റം തള്ളിക്കളയാൻ കഴിയില്ല. നവോത്ഥാനത്തിന്റെ ഭാഗമായി ഉയർന്നു വന്ന കേരള കലാമണ്ഡലം ഇന്നും തലയുയർത്തി

കേരള സ്കൂൾ കലോത്സവം
തീയതി.....................
64-ാമത് ★ പ്രോഗ്രാം കമ്മിറ്റി ★

നിൽക്കുന്നു എന്നത് ഏവർക്കും അറിയാവുന്ന സത്യമാണ്. ഒരുകാലത്ത് ക്ഷത്രിയരിലും, ബ്രാഹ്മണരിലും മാത്രം ഒതുങ്ങി നിന്നിരുന്ന കഥകളി, കൂത്ത് എന്നീ കലാരൂപങ്ങളും, കളരി പോലെയുള്ള ആയോധനകലയും സാധാരണക്കാരിലേക്കും എത്തപ്പെടുവാൻ നവോത്ഥാനം കാരണമായി.

5. നവോത്ഥാനത്തിലൂടെ കൈവരിച്ച മാനവികത

തികച്ചും അരോചകമായ കാഴ്ചപ്പാടുകളിലൂടെയും ഭരണനടപടികളിലൂടെയും കടന്നു പോയ കേരളീയരെ മാനവികത എന്തെന്ന് കാട്ടികൊടുത്തത് നവോത്ഥാനമാണ് എന്നതിൽ സംശയമില്ല. ജന്മി-അടിമ, മേൽജാതി-കീഴ്ജാതി എന്നീ തരംതാഴ്ത്തലുകളിൽ നിന്നും ഒരു വർഗ്ഗം എന്ന ചിന്ത മനുഷ്യരിലേക്ക് എത്തിക്കുവാൻ കേരള നവോത്ഥാനത്തിന് കഴിഞ്ഞു. മനുഷ്യരെ മനുഷ്യനായി കാണുവാൻ പൂർവ്വ നവോത്ഥാനം അവരെ പഠിപ്പിച്ചതിനാലാണ് ഇന്ന് കേരളീയർ ഏത് വഴിലൂടെയും ജാതി-മത ഭേദമെന്യേ ഒരുമിച്ച് ~~ജ~~ നടക്കുന്നത്. എന്നാൽ വളരെ പ്രയാസപ്പെട്ട് നേടിയെടുത്ത ഈ മാനവികതക്ക് ഇന്ന് എന്ത് സംഭവിച്ചു എന്നതും ചിന്തിക്കേണ്ടതാണ്......

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

6. കേരളത്തിലെ മാനവികത ഇന്ന്

19-ാം നൂറ്റാണ്ടിൽ ജീവൻ കൊടുത്തും വിയർപ്പൊഴുക്കിയും കേരളീയ ~~പിതാക്ക~~ മാതാപിതാക്കൾ നേടിയ നവോത്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്?
'കേരളം ഒരു ഭ്രാന്താലയമാണ്' എന്ന് സ്വാമി വിവേകാനന്ദൻ നവോത്ഥാന കാലഘട്ടത്തിൽ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ അത് ഈ 21-ാം നൂറ്റാണ്ടിൽ കേരളത്തിന്റെ അവസ്ഥയാണ് എന്നത് ഖേദകരമാണ്. ജാതി-മത വിവേചനം ഇല്ലെങ്കിലും, നരബലി, കൂട്ടക്കൊല, ദുരഭിമാനക്കൊല എന്നിങ്ങനെ മനുഷ്യ മനസ്സുകളെ തരിപ്പിക്കുന്ന പ്രവർത്തികളുടെ നീണ്ട നിര കടന്നു പോകുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പത്രവർത്തകളിൽ ~~വാളയ~~ വാളയാറിൽ ഒരു അതിഥിതൊഴിലാളിയെ മോഷണക്കുറ്റം ചുമത്തി വധിച്ച സംഭവം രേഖപ്പെടുത്തിയിരുന്നു. 2018-ൽ മധു എന്ന വ്യക്തിയെ ഭക്ഷണം മോഷ്ടിച്ചതിന് തല്ലി കൊന്നിരുന്നു. ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസം ലഭിക്കുന്ന സംസ്ഥാനമായ കേരളത്തിൽ ഇത്തരം കൊലകളും, പീഡനങ്ങളും, നടക്കുന്നത് എത്ര ഭയാനകരമാണ്. ഇവിടെ പ്രശസ്ത കവി മുരുകൻ കാട്ടാക്കട പറഞ്ഞതുപോലെ 'മങ്ങിയ കാഴ്ചകൾ കണ്ടു മടുത്തു കണ്ണടകൾ വേണം.' എന്നത്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഓർത്തുപോകുന്നു.

"കണ്ണുവേണം ഇരുപുറവും
കണ്ണുവേണം മുകളിലും താഴെയും."
– കടമ്മനിട്ട

കവി കടമ്മനിട്ട ആലപിച്ചതുപോലെ ഇതാണ് ഇന്നത്തെ കേരളീയ മാനവികതയുടെ അവസ്ഥ. കൂടെയുള്ള ഒരാളെ പോലെ വിശ്വസിക്കുവാൻ കഴിയാത്ത നിലയിലേക്ക് മനുഷ്യ മനസ്സുകൾ മാറിയിരിക്കുന്നു. നവോത്ഥാന നായകന്മാർ നേടിയെടുത്ത സ്വാതന്ത്ര്യത്തെ തികച്ചും അവഗണിക്കുന്ന ജീവിതരീതിയിലേക്ക് ഇനിയും കേരള ജനത കൂപ്പുകുത്താൻ പാടില്ല. "ഈ ലോകത്തെ മാറ്റിമറിക്കുവാൻ നിങ്ങൾക്ക് ഉപയോഗിക്കുവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം" എന്ന് ആഫ്രിക്കൻ ഗാന്ധി എന്ന് അറിയപ്പെടുന്ന നെൽസൺ മണ്ടേല അഭിപ്രായപ്പെട്ടിരുന്നു. നവോത്ഥാനത്തിന് വഴിയൊരുക്കിയതും വിദ്യാഭ്യാസം തന്നെയാണ്. നവോത്ഥാനത്തെ പറ്റി ഇന്ന് കേരളീയ സമൂഹം അറിയുന്നത് ചരിത്രം പഠിക്കുമ്പോഴാണ്. എന്നാൽ കേവലം മാർക്കുകൾ വാങ്ങുവാൻ മാത്രം ആവരുത് ചരിത്ര പഠനം. ചരിത്രം പഠിക്കുന്നത് ചരിത്രത്തിലെ തെറ്റുകൾ ആവർ-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ

കാത്തിരിക്കുവാനാണ്. ഈ നവോത്ഥാനത്തിനായി പ്രവർത്തിച്ച-
പ്പോൾ നേരിട്ട ബുദ്ധിമുട്ടുകളും, അതോടൊപ്പം ലഭിച്ച സ്വാത-
ന്ത്ര്യവും, നവോത്ഥാനം ഇല്ലായിരുന്നെങ്കിൽ കേരളത്തിൽ
ഭവിച്ചേക്കാമായിരുന്ന ദുരവസ്ഥയും വിദ്യാർഥികൾ മനസ്സിലാ-
ക്കണം. വിപ്ലവത്തിന്റെ ജ്വാലയിൽ നിന്നാണ് മാറ്റങ്ങൾ
സൃഷ്ടിക്കപ്പെടുന്നത്. മാനവികതയുടെ അവബോധം ഇന്നതെ-
ത്ത യുവ കേരളീയരുടെ മനസ്സിൽ തിരിച്ചെത്തിക്കാൻ വിദ്യാ-
ഭ്യാസത്തിനും സമൂഹത്തിനും കഴിഞ്ഞാൽ അവർ ഇന്ന്
ഇവിടെ നടക്കുന്ന അക്രമങ്ങൾക്കെതിരെ ശബ്ദിക്കുകയും
നവോത്ഥാനം സൃഷ്ടിക്കുകയും ചെയ്യും. കാലത്തിനൊത്ത്
കേരളം നവീകരിക്കപ്പെടേണ്ടതാണ് എന്ന സത്യം സമൂഹം
തിരിച്ചറിയണം. എന്നാൽ അതോടൊപ്പം നവോത്ഥാന
നേതാക്കൾ പകർന്നു തന്ന മൂല്യങ്ങളും മാനവികതയും
കൈവിട്ടു പോകുവാൻ ഈ ബോധത്തോടെ മുന്നോട്ട്
ചലിക്കുന്ന കേരളത്തിന് ലോകത്തിൽ തന്നെ മാറ്റങ്ങ-
ളുടെ ധ്വനി നിർമ്മിക്കുവാൻ കഴിയും.